Question posted for Answer on 27th October 1950

യാചകരഹിതാശ്രമം

൫൪. (൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: സംസ്ഥാനത്തെ Beggar relief-ന്റെ വർഷംപ്രതി എന്തു ചിലവുവരുന്നുണ്ട്; എത്തെല്ലാം ഇനത്തിൽ സംയോജനത്തിനു ശേഷം അതു സംബന്ധിച്ചു മാരോ ഡിസ്ട്രിക്ടിലും എന്തു ചിലവു വന്നിട്ടുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): സംസ്ഥാനത്തെ Begger relief-ന്റെ വർഷംപ്രതി ഏകദേശം ൫ ൦,൦ ൦ ൦ രൂപാ ചിലവുവരും. ഈ തുക ഓരോ ഡിസ്ട്രിക്ടിലും യോഗ്യതയുള്ള അനാഥശാലകൾക്കു സഹായധനമായി അനുവദിക്കുന്നതാണ്.

Question posted for Answer on 30th October 1950

നെൽകൃഷി

൫൭. (൭) ശ്രീ. എസ്സ്. കുട്ടൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

നാഞ്ചിനാട്ട്, കുട്ടനാട്ട് ഈ പ്രദേശങ്ങളിൽ ഓരോ സ്ഥലത്തും നെൽകൃഷി ചെയ്യുന്ന എത്ര പറ നിലം വീതം ഉണ്ട്; ഓരോ പ്രദേശത്തുനിന്നും ൧൯൫൫, ൧൯൫൬ ഈ വർഷങ്ങളിൽ എത്ര പറ നെല്ലുവീതം പ്രൊകൂർ ചെയ്തിട്ടുണ്ട്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

നാഞ്ചിനാട്ട്, ൫൯,൩൯,൦൦൦ ഏക്കറും കുട്ടനാട്ട് ൧,൭൦,൧൫൩ ഏക്കറും നെൽകൃഷി സ്ഥലങ്ങളുണ്ട്. നാഞ്ചിനാട്ടനിന്നു ൧൯൫൫-ൽ ൨൩,൫൯,൭൩൫ പറയും ൧൯൫൬-ൽ ൨൫,൭൭,൦൦൦ പറയും കുട്ടനാട്ടിൽനിന്നു ൧൯൫൫-ൽ ൨൩,൦൩൫,൩൦൦ പറയും ൧൯൫൬-ൽ ൨൨,൪൫,൩൭൫ പറയും നെല്ല് ശവമ്മെണ്ടിലേയ്ക്ക് വിലക്കെടുത്തിട്ടുണ്ട്.

Question posted for Answer on 1st November 1950

നിയമനങ്ങൾ

൫൯. (൯) ശ്രീ. ടി. എം. സന്നലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സംയോജനത്തിനുശേഷം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് എത്ര പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) അതതിന്റെ ജാതിതിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ & ബി) ആവശ്യപ്പെട്ടിട്ടുള്ള വിവരം പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്ക്കാർഗസറ്റിൽ അപ്പോഴപ്പോൾ പ്രസിദ്ധംചെയ്യുന്ന നിയമനലിസ്റ്റുകളിൽ നിന്നും ലഭിക്കുന്നതാണ്. നിയമനലിസ്റ്റു പ്രസിദ്ധം ചെയ്തിട്ടുള്ള ഗസറ്റുകളുടെ വിവരം താഴെ ചേർക്കുന്നു. ഗസറ്റിൽ വന്നകഴിഞ്ഞിട്ടില്ലാത്ത† നിയമന

† Placed on the Secretary's table. Not published in the printed proceedings of the day.

LIBRARY ARCHIVES Kerala Legislative Assembly